പതിമൂന്നാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 293 — 08.02.2016 ൽ മറുപടിക്ക്

## ഹെലിക്യാമറകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. മോയിൻ കുട്ടി | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് ഹെലിക്യാമറകൾ വ്യാപകമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ചില ആഘോഷപരിപാടികളിലും ചില ആൽബങ്ങൾ, സിനിമകൾ എന്നിവയുടെ ചിത്രീകരണത്തിലും ഹെലിക്യാമറകൾ ഉപയോഗിച്ചതായ ഒറ്റപ്പെട്ട അനുഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവ ഉപയോഗിക്കുന്നതിന് അനുമതി ആവശ്യമുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | മുൻകരുതലുകൾ ഇല്ലാതെയുള്ള ഹെലിക്യാമറകളുടെ ഉപയോഗം വളരെയധികം സുരക്ഷാ പ്രശ്നങ്ങൾക്കും അപകടങ്ങൾക്കും കാരണമായേക്കാവുന്നതാണ്. മുൻകൂർ അനുമതിയില്ലാതെ ഹെലിക്യാമറ പോലുള്ള ഉപകരണങ്ങളുടെ ഉപയോഗം വിധ്വംസക പ്രവർത്തനങ്ങൾക്ക് അനുകൂല സാഹചര്യം സൃഷ്ടിച്ചേക്കാവുന്നതിനാൽ അത്തരം വസ്തുക്കളുടെ ഏത് കാര്യങ്ങൾക്ക് വേണ്ടിയുള്ള ഉപയോഗത്തിനും മുൻകൂർ അനുമതി വാങ്ങേണ്ടത് ആവശ്യമാണ്. അതീവ സുരക്ഷാ മേഖലകളിൽ നിരോധിക്കപ്പെടേണ്ടതുമാണ്. |
| (സി) | 2015-ൽ ഇതുപ്രകാരമുള്ള അനുമതി ആർക്കെങ്കിലും നല്കിയിട്ടുണ്ടോ; അനുമതി ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (സി)<br>&<br>(ഡി) | അനുമതി ആവശ്യപ്പെട്ടുള്ള അപേക്ഷകളൊന്നും ആഭ്യന്തരവകുപ്പിൽ ലഭിച്ചിട്ടില്ല.<br>ഹെലിക്യാമറകൾ, Unmanned Aerial Vehicle (UAV)/Unmanned Aircraft System(UAS) എന്നിവയുടെ പരിധിയിൽപ്പെടുന്നവയാണ്. ഈ വിഭാഗത്തിൽ വരുന്ന ഉപകരണങ്ങളുടെ ഇന്ത്യൻ സിവിൽ എയർ സ്പേസിലുള്ള അനുമതിയില്ലാതെ ഉപയോഗം നിരോധിച്ചുകൊണ്ട് 07.10.2014-ൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വ്യോമ മന്ത്രാലയം ഒരു പബ്ലിക് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ഇത് 26.10.2015-ൽ സംസ്ഥാനങ്ങൾക്ക് നടപ്പാക്കാനായി അയച്ചു തന്നിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ദൃശ്യമാധ്യമങ്ങൾക്ക് ഹെലിക്യാമറ ഉപയോഗിക്കാൻ അനുമതി നല്കിയിട്ടുണ്ടോ; മാധ്യമങ്ങൾക്ക് പൊതു അനുമതിക്ക് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആ സൗകര്യം ദുരുപയോഗം ചെയ്യാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കുമെന്നറിയിക്കുമോ? | | |

Rajani M

സെക്ഷൻ ഓഫീസർ